ദേശാഭിമാനി 22 February 2023

■ കാലാവസ്ഥാവ്യതിയാനം

# അറബിക്കടലിൽ ഉപദ്രവകാരികളായ ആൽഗകൾ കൂടുന്നു

**കൊച്ചി**

കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി അറബിക്കടലിൽ ഉപദ്രവകാരികളായ ആൽഗകളുടെ വളർച്ച (ഹാംഫുൾ ആൽഗൽ ബ്ലൂം) വർധിക്കുന്നതായി വിദഗ്ധർ. ഇത് മീനുകളെമാത്രമല്ല, മനുഷ്യന്റെ ആരോഗ്യത്തെയും സാരമായി ബാധിക്കുന്നതായും കൊച്ചിയിൽ നടക്കുന്ന വൺ ഹെൽത്ത് അക്വാകൾച്ചർ ഇന്ത്യ ശിൽപ്പശാലയിൽ അഭിപ്രായമുയർന്നു.

അറബിക്കടലിൽ 2000 മുതൽ 2020 വരെയുള്ള കാലയളവിൽ ഉപദ്രവകാരികളായ ആൽഗകളുടെ വളർച്ച ഏകദേശം മൂന്നുമടങ്ങ് വർധിച്ചതായി മത്സ്യശാസ്ത്രജ്ഞർ പറയുന്നു. സെന്റർ ഫോർ എൺവയൺമെന്റ്, ഫുഡ് ആൻഡ് റൂറൽ അഫയേഴ്സ് (സിഫാസ്), കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) എന്നിവ ചേർന്നാണ് ശിൽപ്പശാല സംഘടിപ്പിക്കുന്നത്.

ധാക്ക സാർക് അഗ്രികൾച്ചർ സെന്റർ (സാക്) സീനിയർ പ്രോഗ്രാം സ്പെഷ്യലിസ്റ്റ് ഡോ. ഗ്രിൻസൻ ജോർജ്, സിഫാസ് യുകെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഡേവിഡ് വെർണർ ജെഫ്രി, സിഫാസ് യുകെ ശാസ്ത്രജ്ഞൻ ഡോ. റിച്ചാർഡ് ഹിൽ എന്നിവർ പറഞ്ഞു. ഡോ. ബെൻ മാസ്കെറി, ഡോ. ഫ്രാങ്ക് ഡാൽ മോലിൻ, ഡോ. കിഷോർകുമാർ ക്രിഷ്നാനി, ഡോ. കുൽദീപ് കെ ലാൽ എന്നിവർ സംസാരിച്ചു.